വിപാസ്സന ന്യൂസ്

മാനവ ശാക്തീകരണ ശുശ്രൂഷാ വിഭാഗം, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

വാല്യം 10 ലക്കം 1 കോട്ടയം ജൂലൈ 2026 പേജ് 4

വിപാസനയുടെ വിവിധ പ്രവർത്തനങ്ങൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനവ ശാക്തീകരണ വിഭാഗമായ എം.ഒ.എച്ച്.ഇ. യുടെ ഭാഗമായി പ്രവർത്തിക്കുന്ന വിപാസന ഇമോഷണൽ സപ്പോർട്ട് സെന്ററിന് ദൈവകൃപയാൽ 2025-26 വർഷത്തിലും ക്രിയാത്മകമായി പ്രവർത്തിക്കുവാൻ സാധിച്ചു. വിവിധ മേഖലകളിൽ പ്രവർത്തിച്ച് പരിചയസമ്പന്നരായ ധാരാളം സ്നേഹിതരുടെയും വിപാസന വോളണ്ടിയേഴ്സിന്റെയും സഹകരണത്തോടെയാണ് വിപാസനയുടെ പ്രവർത്തനങ്ങൾ മുമ്പോട്ടു പോകുന്നത്. വിപാസനയുമായി ചേർന്ന് പ്രവർത്തിച്ചുവരുന്ന എല്ലാ വ്യക്തികളെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

1. മാനസികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപെട്ട ആളുകൾക്ക് വിപാസന നേരിട്ടും ടെലിഫോൺ വഴിയും വൈകാരിക പിന്തുണയും കൗൺസിലിംഗ് സേവനങ്ങളും സൗജന്യമായി നൽകിവരുന്നു.

2. ആത്മഹത്യാ പ്രതിരോധം വിപാസനയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. വിവിധതരത്തിലുള്ള മാനസിക ആഘാതങ്ങളും ജീവിത പ്രതിസന്ധികളും നേരിടുന്ന നിരവധി വ്യക്തികളെ, പ്രത്യേകിച്ച് യുവജനങ്ങളെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുവാൻ വിപാസനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

3. ജീവിതപ്രതിസന്ധികൾ നേരിടുന്ന കുടുംബങ്ങൾ സന്ദർശിക്കുകയും ആവശ്യമായ മാനസിക പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു.

4. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുടെ സഹകരണത്തോടെ മാനസികാരോഗ്യ ബോധവൽക്കരണ പരിപാടികളും പരിശീലന ക്ലാസുകളും സംഘടിപ്പിച്ചു വരുന്നു.

5. എം.ഒ.എച്ച്.ഇ. യുടെ വിവിധ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളിൽ വിപാസന സജീവമായി പ്രവർത്തിക്കുന്നു.

6. 2025-2026 വർഷത്തെ എല്ലാ ചൊവ്വാഴ്ചകളിലും മുൻ വർഷങ്ങളിലേതുപോലെ വിപാസന വോളണ്ടിയേഴ്സ് പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയുടെ കാൻസർ വാർഡുകൾ സന്ദർശിക്കുകയും രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ മാനസിക പിന്തുണയും സാമ്പത്തിക സഹായവും നൽകി വരുന്നു.

7. അഞ്ചു ലക്ഷത്തോളം രൂപ സഹായമായി വിവിധ കുടുംബങ്ങൾക്ക് ദൈവകൃപയാൽ നൽകുവാൻ സാധിച്ചു. അവരോടൊപ്പം ചിലവഴിച്ച് മാനസികമായ പിന്തുണയും നൽകി വരുന്നു.

8. ഹന്ന ഭവൻ, നവജീവൻ ട്രസ്റ്റ്, ശാന്തി ഭവൻ തുടങ്ങിയ അഭയകേന്ദ്രങ്ങൾ സന്ദർശിക്കുകയും ധനസഹായവും, ഇമോഷണൽ സപ്പോർട്ടും നൽകിവരുന്നു.

9. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒരു കടുംബത്തിലെ കുട്ടികളുടെ മുഴുവൻ പഠനസഹായവും നൽകുവാൻ സാധിച്ചു.

10. നാലു കുടുംബങ്ങൾക്ക് എല്ലാ മാസവും പഠനത്തിനായി സഹായം ചെയ്തു വരുന്നു.

ഇതിനായി ചെറുതും വലുതുമായ സംഭാവനകൾ നൽകിവരുന്ന എല്ലാ വോളണ്ടിയേഴ്സിനൊടും വ്യക്തികളോടുമുള്ള നന്ദി അറിയിക്കുന്നു.

വിപാസനയുടെ വോളണ്ടിയേഴ്സ് മാനവ ശാക്തീകരണ വിഭാഗം ഡയറക്ടർ റവ. ഫാ. പി. എ. ഫിലിപ്പ്, ഡയറക്ടർ ഡോ. ജോസഫ് വർഗീസ് എന്നിവരോടൊപ്പം.

ലഹരിക്കെതിരെ കോൺക്ലേവുമായി മലങ്കര ഓർത്തഡോക്സ് സഭ.

കോട്ടയം: സമൂഹത്തിൽ വർധിച്ച് വരുന്ന ലഹരി - മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണവുമായി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ.

ഡ്രെ?ഗ്സിറ്റ് സമ്മിറ്റ് എന്ന് പേരിൽ സംഘടിപ്പിച്ച ഉച്ചകോടി ജൂൺ 14 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ സഭാ ആസ്ഥാനമായ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്നു. മഹാരാഷ്ട്ര ഗവർണർ സി. പി. രാധാകൃഷ്ണൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. സഭയുടെ മാനവ ശാക്തീകരണ വിഭാഗം പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, മാർത്തോമ്മാ സഭ നിലയ്ക്കൽ ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ബർണബാസ് മെത്രാപ്പോലീത്താ, സിറോ മലബാർ സഭ പാലാ രൂപത മുൻ സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ, സി.എസ്.ഐ സഭ മധ്യകേരള ബിഷപ്പ് റവ. ഡോ. മലയിൽ സാബു കോശി ചെറിയാൻ, ശ്രീനാരായണ ധർമ്മസംഘം കോർപറേറ്റ് മാനേജർ ശ്രീമദ് സ്വാമി വിശാലാനന്ദ, കോട്ടയം താഴത്തങ്ങാടി ജുമാ മസ്ജിദ് ചീഫ് ഇമാം ഷഫീഖ് മന്നാനി,മാനവ ശാക്തീകരണ വിഭാഗം ഡയറക്ടർ ഫാ. പി. എ. ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

ലഹരിക്കെതിരായ പോരാട്ടം മലങ്കരസഭയുടെ സാമൂഹികവും ആത്മീയവുമായ ഉത്തരവാദിത്വമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. എല്ലാ മത-സാമുദായിക- രാഷ്ട്രീയ-സന്നദ്ധ സംഘടനകളും ഈ മഹാവിപത്തിനെ തുടച്ച് നീക്കാൻ രംഗത്തിറങ്ങണം. സഭയുടെ ദേവാലയങ്ങളിലും, വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ തുടരുമെന്നും കാതോലിക്കാ ബാവാ പറഞ്ഞു. ഡ്രഗ്സിറ്റ് ഉച്ചകോടിയുടെ ഭാഗമായി കോട്ടയം നഗരത്തിൽ ലഹരിവിരുദ്ധ സന്ദേശമുയർത്തി ഫ്ളാഷ്മൊബുകൾ സംഘടിപ്പിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, സഭയുടെ മാനവ ശാക്തീകരണ വിഭാ?ഗം പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, മാധ്യമ വിഭാഗം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, മാനവ ശാക്തീകരണ വിഭാഗം ഡയറക്ടർ ഫാ. പി. എ. ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി.

ലഹരി വിരുദ്ധ സന്ദേശവുമായി പൊതുജന ബോധവൽക്കരണ റാലി.

വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ളാഷ് മോബ്.

മാനസികാരോഗ്യ അവബോധ പരിപാടികൾ

കോഴഞ്ചേരി: മാനസിക ആരോഗ്യവും, ആത്മഹത്യാ പ്രതിരോധവും എന്ന വിഷയത്തിൽ കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. വിവിധ വകുപ്പുകളിൽ നിന്നായി 200-ഓളം വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ പങ്കെടുത്തു. മുഖാമുഖ കൗൺസിലിംഗും ഇതിനോടനുബന്ധിച്ച് നടത്തി. ഡോ. സിബി തരകൻ, ലൗലി രാജൻ, ഡോ. ഡെയ്സി കോശി, സോഫിയാ മാത്യു എന്നിവർ ക്ലാസ്സുകൾ നയിച്ചു.

കോഴഞ്ചേരി സെന്റ് തോമസ് കോളജിലെ വിദ്യാർത്ഥികൾക്ക് ഡോ. സിബി തരകൻ നയിച്ച ക്ലാസ്സ്.

ഡോ. ഡെയ്സി പി. കോശി നയിച്ച സംവാദാത്മക ചർച്ച.

വിവിധ ബാച്ചുകളിലെ വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ പങ്കെടുക്കുന്നു.

ലോകമാനസികാരോഗ്യത്തോടനുബന്ധിച്ച് കോട്ടയം മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് പി. പുന്നൂസുമായി അഭിമുഖ സംഭാഷണ പരിപാടി നടത്തി. ഡോ. അന്നമ്മ വർഗീസ്, സോഫിയാ മാത്യു എന്നിവർ നടത്തിയ അഭിമുഖം സോഷ്യൽ മീഡിയയിൽ ലഭ്യമാണ്.

ആത്മഹത്യാ പ്രതിരോധവും മാനസികാരോഗ്യവും

നിരണം ഭദ്രാസന മർത്തമറിയം വനിതാ സമാജം സമ്മേളനത്തിൽ ലൗലി രാജൻ നടത്തിയ ബോധവത്ക്കരണ ക്ലാസ്സിൽ നിന്നും.

കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് മഹാഇടവകയിലെ സീനിയർ സിറ്റിസൺ യോഗത്തിൽ ഡോ. ഡെയ്സി പി. കോശി നടത്തിയ ക്ലാസ്സ്.

മാവേലിക്കര ഭദ്രാസനത്തിലെ പത്തിയൂർ സെന്റ് ജോർജ് പള്ളിയിൽ നടന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ് ലൗലി രാജൻ നയിക്കുന്നു.

Ministry of Human Empowerment Executive Committee

1. H.G. Geevarghese Mar Coorilos Metropolitan (President).
2. Rev. Fr. Dr. Thomas Varghese Amayil (Priest Trustee).
3. Sri. Ronny Varghese Abraham (Lay Trustee).
4. Adv. Biju Oommen (Association Secretary).
5. Rev. Fr. P.A.Philip (Deputy Secretary).
6. Dr. Thomas Kuruvilla.
7. Dr. Chikku Abraham.
8. Mathai T. Varghese.
9. Rev. Fr. Dr. K. M. George.
10. Very. Rev. Mathai Remban.
11. Rev. Fr. Dr. Bijesh Philip.
12. Rev. Fr. Benyamin Thomas.
13. Dr. Joseph P. Varghese.
14. Sri. George Abraham.
15. Dr. Varghese P. Punnoose (Principal, Govt. Medical College, Kottayam).
16. Dr. Siby Tharakan.
17. Sri. Shaji Philip.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സംഘടിപ്പിച്ച ഡ്രക്സിറ്റ് ലഹരി വിരുദ്ധ ഉച്ചകോടിയുടെ ഉദ്ഘാടനം ചലച്ചിത്ര സംവിധായകൻ ബ്ലെസ്സി നിർവ്വഹിക്കുന്നു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഗീവർഗീസ് മാർ കൂറിലോസ്, വിഴിഞ്ഞം പോർട്ട് മാനേജിങ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐഎഎസ് എന്നിവർ സമീപം. ഡോ. റൂബിൾ രാജ്, പ്രൊഫ. സി. മാമച്ചൻ, കോട്ടയം മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് പി. പുന്നൂസ് എന്നിവർ തുടർന്ന് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ മോഡറേറ്ററായിരുന്നു.

ആത്മഹത്യാ പ്രതിരോധ ദിനത്തോടനുബന്ധിച്ച് സി.എം.എസ്. കോളജിലെ വിദ്യാർത്ഥികൾക്കായി നടത്തിയ സെമിനാർ.

ബേക്കർ കോളജ് ഫോർ വിമനിലെ വിദ്യാർത്ഥികൾക്കായി നടത്തിയ മാനസിക ആരോഗ്യ അവബോധന ക്ലാസ്സിൽ നിന്നും.

പുലിക്കുട്ടിശ്ശേരി ഹന്നാ ഭവനിലെ അന്തേവാസികളോടൊപ്പം വിപാസന വോളണ്ടിയേഴ്സ്.

ഹന്നാ ഭവനിലെ അന്തേവാസികളുടെ കലാപരിപാടികൾ.

വയോജനങ്ങൾക്ക് വൈകാരിക സഹായം

നവജീവൻ ട്രസ്റ്റിലെ ക്രിസ്തുമസ് ആഘോഷ പരിപാടിയിൽ നിന്നും.

വിപാസന വോളണ്ടിയേഴ്സ് കഞ്ഞിക്കുഴി ശാന്തി ഭവൻ അന്തേവാസികളോടൊപ്പം.

നവജീവൻ ട്രസ്റ്റിലെ അന്തേവാസികളോടൊപ്പം ബേക്കർ കോളജ് ഫോർ വിമനിലെ സൈക്കോളജി വിദ്യാർത്ഥികളും വിപാസന വോളണ്ടിയേഴ്സും.

കോട്ടയം ബേക്കർ കോളജിലെ സൈക്കോളജി വിദ്യാർത്ഥിനികൾ വിപാസന വോളണ്ടിയേഴ്സിനൊപ്പം.

വിവിധ ആഘോഷ പരിപാടികൾ

ക്രിസ്തുമസ് സന്ദേശം ഗാനനൃത്ത രംഗങ്ങളിലൂടെ നവജീവൻ ട്രസ്റ്റിൽ അവതരിപ്പിക്കുന്ന വിദ്യാർത്ഥികൾ.

നവജീവൻ ട്രസ്റ്റിൽ അവതരിപ്പിച്ച ക്രിസ്തുമസ് കരോൾ പരിപാടി.

ക്രിസ്തുമസ് സന്തോഷങ്ങൾ പങ്കുവച്ച് നവജീവൻ കുടുംബത്തോടൊപ്പം.

ജോൺ എം. ചാണ്ടി

സൂസൻ തോമസ്

നവജീവൻ ട്രസ്റ്റിലെ പി. യു. തോമസ് സാറിനൊപ്പം വിപാസന വോളണ്ടിയേഴ്സ്.

മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണ പരിപാടികൾ

2025–26 വർഷത്തെ താഴത്തങ്ങാടി വള്ളംകളിയോട് അനുബന്ധിച്ച് കോട്ടയം വെസ്റ്റ് ക്ലബ്ബുമായി ചേർന്ന് മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടത്തുവാൻ സാധിച്ചു.

വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കും മയക്കുമരുന്നിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു പരിപാടികൾ. റാലികൾ, ഫ്ളാഷ് മോബുകൾ, പ്രതിജ്ഞകൾ തുടങ്ങിയവ മുഖേന ലഹരി വിരുദ്ധ സന്ദേശം പൊതു സമൂഹത്തിലേക്ക് എത്തിച്ചു. ഇതിൽ റോഡ് ഷോ, ഫ്ളാഷ് മോബ്, ബോട്ട് ഷോ എന്നിവ ഉൾപ്പെടുന്നു. കോട്ടയം ബസേലിയോസ് കോളേജിലെ എൻ എസ് എസ് വിഭാഗം വിദ്യാർത്ഥികളാണ് വിവിധ പരിപാടികൾ അവതരിപ്പിച്ചത്. സഭയുടെ മാനവശാക്തീകരണ വിഭാഗം മേധാവി ആയ റവ. ഫാ. പി. എ. ഫിലിപ്പ്, വിപാസന ഡയറക്ടർ ഡോ. ജോസഫ് പി. വർഗീസ്, വിപാസന വോളണ്ടിയേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

വിപാസനയിലൂടെ...

അനുഭവങ്ങൾ പങ്കുവയ്ക്കൽ

ഡോ. ജോസഫ് പി. വർഗീസ്.



ഡോ. ജോൺ കുന്നത്ത്

ചാക്കോ തരകൻ

ഡോ. വൈ. അന്നമ്മ വർഗീസ്

ലിസ്സി കുന്നത്ത്

ജെസ്സി അലക്സാണ്ടർ

റോസമ്മ തോമസ്

ഡോ. റോസമ്മ അലക്സ്



കെ. സി. ജേക്കബ്

മറിയാമ്മ തരകൻ

Printed and Published by Fr. P. A. Philip, MOHE, Catholicate Aramana, Devalokam, Kottayam, Pin: 686004. Edited by Dr. Joseph Varghese, Director, Vipassana Emotional Support Centre, Orthodox Student Centre, Kottayam, Pin: 686001. Ph: 0481-2584533, E mail: vipassana.mohe@gmail.com Printed at Sophia Print House, Kottayam